# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.176/2025** **തിരുവനന്തപുരം, തീയതി: 08.08.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം – 2025.
## കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അലോട്ട്മെന്റ്
## കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 12ന് ഇ.എം.എസ്ഹാൾ, യൂണിവേഴ്സിറ്റി ക്യാമ്പസ്, കാര്യവട്ടത്ത്.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് അതാത് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (http://admissions.keralauniversity.ac.in/fyugp2025)

| മേഖല | തീയതി | സ്ഥലം |
|---|---|---|
| തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ | 12 ആഗസ്റ്റ് 2025 | ഇ.എം.എസ്. ഹാൾ, യൂണിവേഴ്സിറ്റി ക്യാമ്പസ്, കാര്യവട്ടം |

രജിസ്ട്രേഷൻ സമയം 8.30 മുതൽ 10 മണി വരെ. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക്മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ

യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി/ഒഇസി വിഭാഗങ്ങൾക്ക് **1390/-** രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് 2800/- രൂപ) അടക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2025
## കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അലോട്ട്മെന്റ്
## കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് 2025 ആഗസ്റ്റ് 13 ന് ഇ.എം.എസ്ഹാൾ, യൂണിവേഴ്സിറ്റി ക്യാമ്പസ്, കാര്യവട്ടത്ത്.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് അതാത് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ഒഴിവുള്ളസീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (http://admissions.keralauniversity.ac.in/pg2025)

| മേഖല | തീയതി | സ്ഥലം |
|---|---|---|
| തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ | 13 ആഗസ്റ്റ് 2025 | ഇ.എം.എസ്. ഹാൾ, യൂണിവേഴ്സിറ്റി ക്യാമ്പസ്, കാര്യവട്ടം |

രജിസ്ട്രേഷൻ സമയം **8.30** മുതൽ **10** മണി വരെ. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററിൽ രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട്ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി/ഒ.ഇ.സി വിഭാഗങ്ങൾക്ക് **200/-** രൂപ, ജനറൽ, മറ്റ് സംവരണവിഭാഗങ്ങൾക്ക് 1430/- രൂപ) അടക്കേണ്ടതാണ്. ഇതിനായി പ്രത്യേകസമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീ അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ്, എംഎ മലയാളം ലാംഗ്വേജ് & ലിറ്ററേച്ചർ, എംഎ മ്യൂസിക് (മൃദംഗം) (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധ-നയ്ക്ക് 2025 ആഗസ്റ്റ് 17 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തിയ പാർട്ട് III ബിഎ മ്യൂസിക് (ആന്വൽ സ്കീം - റഗുലർ/സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 12 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ് (www.keralauniversity.ac.in).

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ഓഗസ്റ്റ് 14 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബിബിഎ അന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ ഡിഗ്രി പരീക്ഷയ്ക്ക് ആലപ്പുഴ ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ച രജിസ്റ്റർ നമ്പർ 3022480001 മുതൽ 3022480071 വരെയുള്ള റെഗുലർ വിദ്യാർത്ഥികൾ (2024 അഡ്മിഷൻ) ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലും രജിസ്റ്റർ നമ്പർ 3022480072 മുതൽ 3022480148 വരെയുള്ള റെഗുലർ വിദ്യാർത്ഥികൾ (2024 അഡ്മിഷൻ) ആലപ്പുഴ എസ്.ഡി കോളേജിലും ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, മേഴ്സിചാൻസ് വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.വി കോളേജ് ഓഫ് ആർട്സ് ആൻഡ് അപ്ലൈഡ് സയൻസിലും പരീക്ഷ എഴുതേണ്ടതാണ്. പത്തനംതിട്ട ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ് സിറിൽസ് കോളേജിലും കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിലും തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച റെഗുലർ പെൺകുട്ടികൾ (2024 അഡ്മിഷൻ) വഴുതക്കാട് വിമൻസ് കോളജിലും റെഗുലർ ആൺകുട്ടികളും (2024 അഡ്മിഷൻ) ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, മേഴ്സിചാൻസ് പരീക്ഷയ്ക്ക് അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും കേശവദാസപുരം എം.ജി കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾ ടിക്കറ്റുകൾ അതാത് പരീക്ഷാ കേന്ദ്രത്തിൽ നിന്ന് ആഗസ്റ്റ് 11 മുതൽ ലഭ്യമാകും.

## Late ശ്രീ എ തങ്ങൾ കുഞ്ഞു മുസലിയാർ എൻഡോവ്മെന്റ് അവാർഡിന് അപേക്ഷിക്കാം

2024 വർഷത്തിലെ Late ശ്രീ എ തങ്ങൾ കുഞ്ഞു മുസലിയാർ എൻഡോവ്മെന്റ് അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യരായവർ 2025 ആഗസ്റ്റ് 21-ന് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷകന് വേണ്ട യോഗ്യതയും മറ്റ് മാനദണ്ഡങ്ങളും അടങ്ങിയ വിശദമായ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് (www.keralauniversity.ac.in).

## സീറ്റ് ഒഴിവ്

കേരളസർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടത്തുന്ന 'പി.ജി ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ ' പ്രോഗ്രാമിലേക്ക് (2025 -2026 ) SC/ST കാറ്റഗറിയിൽ സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: ഏതെങ്കിലും വിഷയത്തിൽ കേരള സർവകലാശാല അംഗീകരിച്ച ബിരുദം. താല്പര്യമുള്ളവർ അസ്സൽ രേഖകളുമായി ആഗസ്റ്റ് 12 ന് 11 മണിക്ക്

സർവകലാശാലയുടെ പാളയത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ ഹാജരാവുക. വിശദവിവരങ്ങൾക്ക് 9809538287, 9495919749.

## ഓൺലൈൻ സേവനങ്ങൾ

കേരള സർവകലാശാല വിദ്യാർത്ഥി സൗഹൃദ സേവനങ്ങളുടെ ഭാഗമായി 2024 ഡിസംബർ 10 മുതൽ നിലവിൽ വന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്സ്, പ്രോഗ്രാം ക്യാൻസലേഷൻ സർട്ടിഫിക്കറ്റ്, ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ്, സ്പെഷ്യൽ സർട്ടിഫിക്കറ്റ് - അഫിലിയേഷൻ സർട്ടിഫിക്കറ്റ് (വിദ്യാർത്ഥികൾക്ക്), മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ സർട്ടിഫിക്കറ്റ്, ടി.സി നോട്ട് ഇഷ്യൂഡ് (പ്രൈവറ്റ് ക്യാൻഡിഡേറ്റ്സ്), സ്പെഷ്യൽ സർട്ടിഫിക്കറ്റ് - പ്രോഗ്രാം ഡ്യൂറേഷൻ സർട്ടിഫിക്കറ്റ്, സ്പെഷ്യൽ സർട്ടിഫിക്കറ്റ് - ഇന്റേണൽ ഇക്യൂലൻസി സർട്ടിഫിക്കറ്റ്, കോളേജ് ട്രാൻസ്ഫർ-സർവകലാശാല ഉത്തരവ് എന്നീ ഓൺലൈൻ സേവനങ്ങൾ 2025 സെപ്റ്റംബർ 15 വരെ ഓഫ് ലൈനായും തുടരുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**